വാർത്താക്കുറിപ്പ്
**2026 ഒക്ടോബർ 09**

എം.ജി.യു. ഗവേഷകന് അമേരിക്കയിൽ പ്രബന്ധാവതരണത്തിന് ധനസഹായം

മഹാത്മാഗാന്ധി സർവകലാശാലയുടെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ബയോമെഡിക്കൽ റിസർച്ച് ആൻഡ് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിലെ (ഐ.യു.സി.ബി.ആർ. ആൻഡ് എസ്.എസ്.എച്ച്.) പി.എച്ച്.ഡി. ഗവേഷകൻ നിഷാദ് കീത്തേടത്തിന് യു.എസ്.എ.യിൽ ഗവേഷണ പ്രബന്ധമവതരിപ്പിക്കാൻ യാത്രാ ധനസഹായം ലഭിച്ചു. അമേരിക്കയിലെ വാഷിങ്ടൺ ഡി.സി.യിൽ നവംബർ 14 മുതൽ 18 വരെ നടക്കുന്ന സൊസൈറ്റി ഫോർ ന്യൂറോ സയൻസിന്റെ വാർഷിക സമ്മേളനമായ 'ന്യൂറോ സയൻസ് 2026'-ൽ ഗവേഷണം അവതരിപ്പിക്കുന്നതിനാണ് കേന്ദ്ര സർക്കാറിന്റെ അനുസന്ധാൻ നാഷണൽ റിസർച്ച് ഫൗണ്ടേഷൻ, യു.കെ.യിലെ ഡി.എം.എം. കമ്പനി ഓഫ് ബയോളജിസ്റ്റ്സ് എന്നിവയിൽനിന്ന് ധനസഹായം ലഭിച്ചത്.

കോശങ്ങൾക്കുള്ളിൽ ഊർജം ഉൽപ്പാദിപ്പിക്കുന്ന മൈറ്റോകോൺഡ്രിയകളിലേക്ക് ചികിത്സാ ആവശ്യങ്ങൾക്കോ രോഗനിർണയത്തിനോ ഉപയോഗിക്കുന്ന ഘടകങ്ങളെ നേരിട്ട്, കൃത്യമായി എത്തിക്കുന്നതിനുള്ള പുതിയ മാർഗങ്ങളെക്കുറിച്ചുള്ള തന്റെ ഗവേഷണം നിഷാദ് സമ്മേളനത്തിൽ അവതരിപ്പിക്കും. പാർക്കിൻസൺസ് രോഗം പോലുള്ള മസ്തിഷ്കരോഗങ്ങൾക്ക് കൂടുതൽ കൃത്യമായും ഫലപ്രദമായും ചികിത്സ വികസിപ്പിക്കാൻ ഈ ഗവേഷണം സഹായകമായേക്കും.

ഐ.യു.സി.ബി.ആർ. ആൻഡ് എസ്.എസ്.എച്ചിലെ ഡോ. രാജേഷ് എ. ഷേണോയിയുടെ മേൽനോട്ടത്തിലാണ് നിഷാദ് ഗവേഷണം നടത്തുന്നത്.

മസ്തിഷ്കത്തെയും നാഡീവ്യവസ്ഥയെയും കുറിച്ചുള്ള പഠനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ശാസ്ത്രജ്ഞരുടെയും വൈദ്യശാസ്ത്ര വിദഗ്ധരുടെയും ലോകത്തിലെ ഏറ്റവും വലിയ സംഘടനയായ സൊസൈറ്റി ഫോർ ന്യൂറോ സയൻസിന്റെ വാർഷിക സമ്മേളനമാണ് 'ന്യൂറോ സയൻസ് 2026'. അടിസ്ഥാന ന്യൂറോ സയൻസ് മുതൽ ക്ലിനിക്കൽ ഗവേഷണം വരെയുള്ള മേഖലകളിലെ ഏറ്റവും പുതിയ കണ്ടെത്തലുകൾ പങ്കുവെക്കുന്നതിനായി ലോകമെമ്പാടുമുള്ള ആയിരക്കണക്കിന് ഗവേഷകർ സമ്മേളനത്തിൽ പങ്കെടുക്കും.

പി.ആർ.ഒ/907/2026

പരീക്ഷാഫലം

രണ്ടാം സെമസ്റ്റർ പി.ജി.സി.എസ്.എസ് എം.എസ്.സി ഇലക്ട്രോണിക്സ്, എം. എ ജേണലിസം ആൻഡ് മാസ്സ് കമ്മ്യൂണിക്കേഷൻ (2025 അഡ്മിഷൻ റെഗുലർ, 2024 അഡ്മിഷൻ ഇമ്പ്രൂവ്മെന്റ്, 2019 മുതൽ 2024 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) മെയ് 2026 പരീക്ഷാഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 24 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

—-------------------

രണ്ടാം സെമസ്റ്റർ എം.എസ്.സി ഫിഷറി ബയോളജി ആൻഡ് അക്വാകൾച്ചർ (പി.ജി.സി.എസ്.എസ്) (2025 അഡ്മിഷൻ റെഗുലർ / 2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ് / 2020-24 അഡ്മിഷനുകൾ റീഅപ്പിയറൻസ് / 2019 അഡ്മിഷൻ ഫസ്റ്റ് മേഴ്സി ചാൻസ്) മെയ് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 24 വരെ ഓൺലൈനായി അപേക്ഷിക്കാം.

പി.ആർ.ഒ/908/2026

പരീക്ഷയ്ക്ക് അപേക്ഷിക്കാം

മൂന്നാം സെമസ്റ്റർ സി.ബി.സി.എസ് (2020 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2017 മുതൽ 2019 വരെ അഡ്മിഷനുകൾ മേഴ്സി ചാൻസ്), മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്, ബി.എസ്.സി സൈബർ ഫോറൻസിക് (2020 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ മേഴ്സി ചാൻസ്) നവംബർ 2026 പരീക്ഷകൾക്ക് നവംബർ 2 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 3 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 4 വരെയും അപേക്ഷ സ്വീകരിക്കും.

.....................................

മൂന്നാം സെമസ്റ്റർ ബി.എ, ബി.കോം സി.ബി.സി.എസ് പ്രൈവറ്റ് രജിസ്ട്രേഷൻ (2024 അഡ്മിഷൻ ഇമ്പ്രൂവ്മെന്റ്, 2020 മുതൽ 2024 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മേഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മേഴ്സി ചാൻസ്, 2017 അഡ്മിഷൻ അവസാന മേഴ്സി ചാൻസ് ) നവംബർ 2026 പരീക്ഷകൾക്ക് നവംബർ 2 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 3 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 4 വരെയും അപേക്ഷ സ്വീകരിക്കും.

....................................

മൂന്നാം സെമസ്റ്റർ ബി.എഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ - ഇന്റലക്ച്വൽ ഡിസബിലിറ്റി/ ലേണിംഗ് ഡിസബിലിറ്റി (2025 അഡ്മിഷൻ റെഗുലർ, 2024 അഡ്മിഷൻ സപ്ലിമെന്ററി, 2023 അഡ്മിഷൻ ആദ്യ മേഴ്സി ചാൻസ്, 2022 അഡ്മിഷൻ രണ്ടാം മേഴ്സി ചാൻസ്, 2021 അഡ്മിഷൻ അവസാന മേഴ്സി ചാൻസ്- ക്രെഡിറ്റ് ആന്റ് സെമസ്റ്റർ) പരീക്ഷകൾക്ക് ഒക്ടോബർ 28 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഒക്ടോബർ 29 വരെയും സൂപ്പർ ഫൈനോടുകൂടി ഒക്ടോബർ 30 വരെയും അപേക്ഷ സ്വീകരിക്കും.

..........................................

എം.എ, എം.എ(പെർഫോമിംഗ് ആർട്സ്), എം.എസ്.സി, എം.കോം, എം.എഫ്.എ, എം.എസ്.ഡബ്ല്യൂ, എം.എം.എച്ച്, എം.സി.ജെ, എം.റ്റി.എ (റെഗുലർ, ആന്വൽ ആൻഡ് സെമസ്റ്റർ സ്കീം) എം.എ, എം.എസ്.സി, എം.കോം, (പ്രൈവറ്റ് രജിസ്ട്രേഷൻ, ആന്വൽ ആൻഡ് സെമസ്റ്റർ സ്കീം) ലാസ്റ്റ് ആൻഡ് ഫൈനൽ സ്പെഷ്യൽ മേഴ്സി ചാൻസ് പരീക്ഷകൾക്ക് നവംബർ 16 വരെ അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 17 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 18 വരെയും അപേക്ഷ സ്വീകരിക്കും.

പി.ആർ.ഒ/909/2026

പ്രാക്ടിക്കൽ

മൂന്നാം സെമസ്റ്റർ ബി.എഡ് (2025 അഡ്മിഷൻ റെഗുലർ/സപ്ലിമെന്ററി) ഒക്ടോബർ 2026 പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 22 മുതൽ നവംബർ 6 വരെ വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തും. ടൈം ടേബിൾ വെബ്സൈറ്റിൽ.

പി.ആർ.ഒ/910/2026

പബ്ലിക് റിലേഷൻസ് ഓഫീസർ